# സാക്ഷ്യം



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# സാക്ഷ്യം

2020

LITTLE KITES
GHSS THIRUVALI

little KITEs

# OUR SCHOOL



തിരുവാലി ഗവണ്മെന്റ് ഹയർസെക്കണ്ടറി സ്കൂളിനു നൂറിലേറെ വർഷം പഴക്കമുണ്ട്. പ്രാരംഭകാലത്ത് ഇതൊരു ലോവർപ്രൈമറി സ്കൂൾ ആയിരുന്നു.1906-ൽ ആണ് സ്കൂൾ ആരംഭിച്ചത്. 1951-ൽ ഇതൊരു UP സ്കൂൾആയി ഉയർത്തി . ഇതൊരു ഹൈസ്കൂളാക്കി ഉയർത്തിയത് 1957-ൽആണ്.

ഈ സ്കൂളിൽ 5,6,7,8,9,10 ക്ലാസ്സുകളിലായി 45 ഡിവിഷനുകൾ പ്രവർത്തിക്കുന്നു.1998 -ൽ ആണ് ഹയർസെക്കണ്ടറി വിഭാഗം ആരംഭിച്ചത്. ഹ്യൂമാനിറ്റീസ്,കൊമേഴ്സ്, സയൻസ് എന്നീ വിഷയങ്ങളിൽ ഈരണ്ട് ബാച്ചുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ ക്യാംബസിൽ തന്നെ ലോവർപ്രൈമറി വിഭാഗവും പ്രവർത്തിക്കുന്നു.

# സന്ദേശം



**HEAD MISTRESS**
**GHSS THIRUVALI**

വിവരവിനിമയസാങ്കേതികവിദ്യയിൽ,തിരുവാലി സ്കൂളിലെ കൊച്ചുകുട്ടുകാരുടെ അന്യൂനമായ പരിജ്ഞാനത്തിന്റെ സാക്ഷ്യമാണ് സാക്ഷ്യം എന്ന ഈ ഡിജിറ്റൽ മാഗസിൻ. ഈ ഇ-മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ഇതിനു വേണ്ടി പ്രയത്നിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കൊച്ചു കുട്ടുകാർക്കും എല്ലാ ആശംസകളും നേരുന്നു.

# സന്ദേശം



**PTA PRESIDENT**
**GHSS THIRUVAL**

**തിരുവാലി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ്അംഗങ്ങളായ ഒൻപതാം ക്ലാസ്സ് വിദ്യാർഥികൾ ഒരു ഇ-മാഗസിൻപുറത്തിറക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. വിവരവിനിമയ സാങ്കേതിക വിദ്യയിൽ നമ്മുടെ ക്ലാസ്സ് മുറികളിൽനിന്നാർജ്ജിച്ച പരിജ്ഞാനം പുതിയ സാഹചര്യങ്ങളിൽ പ്രയോഗിക്കുന്നതിൽ നമ്മുടെ കുട്ടികൾ കാണിക്കുന്ന ആത്മധൈര്യംശ്ലാഘനീയം തന്നെയാണ്.**

**ഈ ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു.**

**ഒപ്പം സാക്ഷ്യം എന്ന ഈ മാഗസിന്റെ പിറവിക്കു വേണ്ടി പ്രവർത്തിച്ച എല്ലാ പ്രതിഭകൾക്കും എന്റെ അകൈതവമായ അനുമോദനങ്ങൾ.**

# സാക്ഷ്യം

## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ-2019-21





GHSS THIRUVALI

# ചീഫ് എഡിറ്റർ: മാളവിക.എ.പി.

## അസിസ്റ്റന്റ് എഡിറ്റർ:മൊഹമ്മദ് ഷാഹിൻ.ഇ

## എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ



ദേവിക.വി

ദിയ ഫാത്തിമ

അമൻ റോഷൻ

ദിൽഷ ഷെറിൻ.കെ

അനഘ.എം.പി

ഫിദമോൾ.കെ

ആഷിഖ.എ.കെ

ശാലിനി എസ് നായർ

അഫീഫ് റഹ്മാൻ

മുഹമ്മദ് റാഷിദ്




# സാക്ഷ്യം

## ഉള്ളടക്കം


9.വിദ്യാലയം പ്രതിഭകളിലേക്ക്..........................മാളവിക.എ.പി. 9E
17.ഗാന്ധി........................................................അശ്വതി
18.പുനഃസൃഷ്ടിക്കപ്പെടേണ്ട വിദ്യാഭ്യാസരീതി....ഹുദ അബ്ദുള്ള.പി.9.B
23.ഒരു കൊച്ചു പെൺ കുട്ടി..........................ഹൃതുല്യ.ടി.കെ
25.പ്രകാശം പരത്തുന്ന പെൺകുട്ടി...................ഹുദ അബ്ദുള്ള.P.9.B
30.നന്ദി പ്രളയമേ.........................................റഫമോൾ. ടി. പി 7.A
32.സ്വപ്നത്തിലേക്ക്.........................................അഭിജിത്ത്
35.ഒറ്റപ്പെടലിന്റെ ഒരോർമ്മ...............................അശ്വനി കൃഷ്ണ 9.ഇ
38.എന്റെ പ്രകൃതിമാതാ...................................ദേവിക
44.വിമോചനശബ്ദങ്ങൾസംഗീതമാകുമ്പോൾ....ഹുദഅബ്ദുള്ള .പി 9B
49.ചിത്ര ശാല ...............................................സൂര്യ.ബി-9 ഇ
52. ഒരു മാന്ത്രിക ഷോ .......................................അവന്തിക.കെ 5.ബി
53. തെരുവിന്റെ മക്കൾ...............................അനശ്വര.എ.5.ബി
54.എന്റെ പ്രകൃതി എത്ര സുന്ദരം......................അഭിമന്യു.P.C 10 ഇ





# സാക്ഷ്യം

# വിദ്യാലയം പ്രതിഭകളിലേക്ക്

## മാളവിക.എ.പി IXE

## ആഷിക്ക IXA



**GHSS THIRUVALI**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കേരള വിദ്യാഭ്യാസവകുപ്പ് സംഘടിപ്പിച്ചിട്ടുള്ള ഒരു നൂതന പദ്ധതിയാണ് 'വിദ്യാലയം പ്രതിഭകളിലേക്ക്'.ഈ പദ്ധതിയുടെ ഭാഗമായി തിരുവാലി ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ഏതാനും വിദ്യാർഥികൾ അധ്യാപകരോടൊപ്പം (ഹെഡ്മിസ്ട്രസും പ്രിൻസിപ്പിളും ഉൾപ്പെടെ ) നവംബർ **14** ന് സ്കൂളിന് സമീപത്തുള്ള അറിയപ്പെടുന്ന ചിത്രകാരനായ **ശ്രീ. മനു കള്ളിക്കാടിന്** അദ്ദേഹത്തിന്റെ വസതിയിലെത്തി ആദരവ് സമർപ്പിച്ചു.

കുട്ടികൾ അദ്ദഹത്തിന് ഒരു കുടന്ന പൂ സമർപ്പിച്ചു. അദ്ദഹം കുട്ടികളെ മധുരം നൽകി സ്വീകരിച്ചു.



ചിത്രകലയുടെ വിവിധ വശങ്ങളെ കുറിച്ചും ചിത്രകലയിലെ വ്യത്യസ്ത സംമ്പ്രദായങ്ങളെ കുറിച്ചും  അദ്ദേഹം കുട്ടികളുമായി സംവദിച്ചു.

**ബയോഗ്രഫിക്കൽ കൊളാഷ്**

**ശ്രീ. മനു കള്ളിക്കാടിന്റെ സൃഷ്ടികളിൽ മാസ്റ്റർപീസ് എന്നുപറയാവുന്നവയാണ് അദ്ദേഹത്തിൻെറ ബയോഗ്രഫിക്കൽ കൊളാഷുകൾ.അകലെ നിന്നു നോക്കിയാൽ ചിത്രവും അടുത്തുചെന്നു നോക്കിയാൽചരിത്രവും ആകുന്ന അദ്ഭുത പ്രതിഭാസം!**

# സാക്ഷ്യം

തകഴി,ബഷീർ,എം.ടി,എ.ആർ.റഹ്മാൻ, ഗാന്ധിജി, സച്ചിൻ, അച്യുതാനന്ദൻ,യേശുദാസ്,ശ്രീനാരായണ ഗുരു,കരീന കപൂർ തുടങ്ങി 40 ഓളം  പ്രതിഭകളുടെ ബയോഗ്രഫിക്കൽ കൊളാഷ് അദ്ദേഹം ഇതിനോടകം നിർമ്മിച്ചു.അവയിൽ ഏതാനും ചിത്രങ്ങൾ അദ്ദേഹം ഞങ്ങൾക്ക് കാണിച്ചു തന്നു.

നാലുതവണ ലിംക ബുക്ക് ഓഫ് റെക്കോർഡ്സ്ൽ ഇടം നേടി.







–


# സാക്ഷ്യം

വരായണം

വാൽമികീ രാമായണത്തിലെ കഥാ സന്ദർഭങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത രംഗങ്ങൾ മണ്ണുകൊണ്ട്,വരച്ച് കാൻവാസിൽ നിർമിച്ച ഏതാനും ചിത്രങ്ങൾ ബയോഗ്രഫിക്കൽ കൊളാഷ് അദ്ദേഹം ഞങ്ങളെ കാണിച്ചു. വരായണം എന്നാണ് അദ്ദേഹം അതിന് പേരുനൽകിയിരിക്കുന്നത്.

വരായണം എന്ന അദ്ദേഹത്തിന്റെ വർക്കിനെ കുറിച്ച് അദ്ദേഹം വാചാലമായി സംസാരിച്ചു.





**ക്യൂബിസം, റിയലിസം, കാരിക്കേച്ചർ,കാർട്ടൂൺ തുടങ്ങിയുള്ള ചിത്രകാലാരീതികളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. ലിംകാ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം നേടാൻ ഇടയായ സാഹചര്യത്തെകുറിച്ചും അദ്ദേഹം വിശദീകരിച്ചു.**



**ചിത്രകലയെ സംബന്ധിച്ച് കുട്ടികൾ ചോദിച്ച പല ചോദ്യങ്ങൾക്കും** അദ്ദഹം സരസമായി മറുപടി പറഞ്ഞു .

# സാക്ഷ്യം

ഏകദേശം രണ്ടുമണിക്കൂർ നേരത്തെ സംവാദത്തിനു ശേഷം ഉച്ചക്ക് ഒരുമണിയോടെ കുട്ടികൾ അദ്ദേഹത്തോട് യാത്രപറഞ്ഞ് സ്കൂളിലേക്ക് മടങ്ങി.

മനു കള്ളിക്കാട്ടുമായി നടത്തിയ ഈ സൗഹൃദ സംഗമം കുട്ടികൾക്ക് തികച്ചും വ്യത്യസ്തമായ ഒരു അനുഭവമായി.



**GHSS THIRUVALI**



# ചിത്രങ്ങൾ--കൃഷ്ണപ്രസാദ്-IXE

# ഗാന്ധി

## അശ്വതി

കഥയല്ല ഗാന്ധി
കനവല്ല ഗാന്ധി
കനവിൽ കനലെരിച്ചമ്മയ്ക്ക
വേണ്ടി
സർവ്വം ത്യജിച്ചൊരു
കനിവാണ് ഗാന്ധി.



# പുനഃസൃഷ്ടിക്കപ്പെടേണ്ട വിദ്യാഭ്യാസരീതി

## ഹുദ അബ്ദുള്ള. പി - 9 ബി

**അ**ന്വേഷണങ്ങളിലൂടെയും കണ്ടുപിടുത്തങ്ങളിലൂടെയും സഞ്ചരിച്ച് വികാസത്തിന്റെ കൊടുമുടിയിൽ എത്തിനിൽക്കുന്ന മനുഷ്യകുലത്തിന്റെ ഈ നീണ്ട ജൈത്രയാത്രയിൽ ഉൾപ്പെട്ടിരിക്കുന്ന അംഗങ്ങളാണ് നാമെല്ലാവരും. ആധുനിക സാങ്കേതികവിദ്യയും നൂതന ഉപകരണങ്ങളും വർധിച്ചുകൊണ്ടിരിക്കുന്ന ഈ സമൂഹത്തിൽ മനുഷ്യന്റെ അടിസ്ഥാനമായി കണക്കാക്കിയിരിക്കുന്നത് വിദ്യാഭ്യാസമാണ്.

”വിദ്യധനം സർവ്വധനാൽ പ്രധാനം "എന്ന് അഭിപ്രയാപ്പെട്ടിരിക്കുന്നത് വെറുതെയല്ല. മറ്റെല്ലാ ധനത്തേക്കാളും അനശ്വരമായി നിൽക്കുന്നത് വെളിച്ചം പകരുന്ന വിദ്യയാണ്. ആ വിദ്യയെ കലർപ്പില്ലാതെ സ്വന്തം മനസ്സിലേക്ക് ആവാഹിച്ചെടുക്കുന്നതാണ് വിദ്യാഭ്യാസം. അതാണ് യഥാർത്ഥ വിദ്യഭ്യാസം. മനുഷ്യനെ ഇന്നു കാണുന്ന തരത്തിലുള്ള സാമൂഹിക വികസനത്തിലേക്ക് നയിച്ചതും ഇതേ ഘടകമാണ്.

# സാക്ഷ്യം

മനുഷ്യനെ മനുഷ്യനാക്കുന്ന വിദ്യാഭ്യാസം ഇന്ന് ഒത്തിരി വികാസം പ്രാപിച്ച മേഖലയാണ്.

ഒത്തിരി യുഗങ്ങൾക്കുമുൻപേ സത്യത്തെ അന്വേഷിക്കാനുള്ള ത്വര മനുഷ്യനുണ്ടായിരുന്നു. ഈ ജിജ്ഞാസയാകാം ഒരുപക്ഷേ ഈ വികാസത്തിലേക്ക് മനുഷ്യനെ നയിച്ചത്. പുരാതനകാലഘട്ടത്തിൽ ഗുരുകുല സമ്പ്രദായത്തിൽ നിന്ന് തുടങ്ങി ഇന്ന് കാണുന്ന തരത്തിലുള്ള ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിലേക്ക്  നമ്മെ എത്തിച്ചതും ഇതേ ഘടകങ്ങൾ തന്നെയാണ്.

ഇന്ത്യയിൽ സാക്ഷരതയിലും വിദ്യാഭ്യാസത്തിലും മുന്നിട്ടുനിൽക്കുന്നത് നമ്മുടെ കേരളമാണ്. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും നമ്മെ വേർത്തിരിക്കുന്നത് ഈ മുന്നേറ്റമാണ്. ഈ കാരണത്താൽ ആണ് ദൈവത്തിന്റെ സ്വന്തം നാടായി, സമാധാന അന്തരീക്ഷമുള്ള ഒരു സംസ്ഥാനമായി നാം മാറിയത്.

നമുക്കറിയാം, നമ്മുടെ വിദ്യാലയങ്ങളിലെല്ലാം ആധുനിക സാങ്കേതിക  ഉപകരണങ്ങൾ പാഠ്യപാഠ്യേതര മേഖലകളിൽ ഉപയോഗിച്ച്

വരുന്നുണ്ട്. വിദ്യാലയങ്ങൾ ഹൈ-ടെക്കായി മാറിയതിന്റെ സൂചനയാണിത്. കൂടാതെ വിദ്യാഭ്യാസ രംഗത്തിന്റെ പുരോഗതിക്കായി ഒത്തിരി പ്രവർത്തനങ്ങളും നടപ്പിലാക്കപ്പെടുന്നുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ പുസ്തകങ്ങളിൽ മാത്രം ഒതുങ്ങി നിന്ന പഠനതത്ത്വങ്ങൾ കണ്ടും രസിച്ചും വിദ്യാർത്ഥികളുടെ മനസ്സിൽ പതിപ്പിക്കാൻ സാധ്യമാകുകയാണ്. വികസനം വിദ്യാഭ്യാസത്തിൽ സൃഷ്ടിച്ച ഗുണപരമായ മാറ്റങ്ങൾ ഇവിടെ തുറന്നു കാട്ടുകയാണ്. വേർത്തിരിവുകൾ നിലനിന്നിരുന്ന വിദ്യാഭ്യാസ രംഗം സമത്വത്തിലേക്ക് സഞ്ചരിക്കുന്നതും വിദ്യാഭ്യാസ രംഗത്തെ ഗുണപരമായ മാറ്റങ്ങൾക്ക് മറ്റൊരു ഉദാഹരണമാണ്. ഇത്തരത്തിൽ കെട്ടുറപ്പാർന്ന പഠനാന്തരീക്ഷത്തിന് ഓരോ വിദ്യാലയങ്ങളും സാക്ഷ്യം വഹിക്കുകയാണ്.

എന്നാൽ വിദ്യാഭ്യാസരംഗത്തിന് അഭിമാനക്ഷതം ഉണ്ടാക്കുന്ന അസ്സഹനീയമായ പല പ്രവർത്തനങ്ങളും നടക്കുന്നു. വിദ്യാഭ്യാസം വിൽപ്പന ചരക്കായി മാറുന്നു എന്നതാണ് ഇതിന് ഏറ്റവും വലിയ ഉദാഹരണം. വൈദ്യശാസ്ത്ര മേഖലയിലും എജിനിയറിങ് മേഖലയിലും പഠനാവസരങ്ങൾ അനർഹർക്ക് നൽകുന്ന സമ്പ്രദായം തികച്ചും അന്യായവും അഴിമതിയും കലർന്നതാണ്. പണത്തിന്റെ സ്വാധീനത്താൽ പഠനാവസരങ്ങൾ വിലക്കുവാങ്ങുന്ന ഈ രീതി പ്രാവർത്തികമാക്കപ്പെടുമ്പോൾ അർഹരായ


വിദ്യാർത്ഥികൾക്ക് നീതി നിഷേധിക്കപ്പെടുകയാണ്. ഇത് സാമൂഹ്യപരമായ വിഭത്ത്തന്നെയാണ്.വിദ്യയെ അർഹരായവർക്ക് നൽകാതിരിക്കുന്നത് സാംസ്കാരികപരമായ വ്യതിയാനം തന്നെയാണ്.

കൂടാതെ അനർഹരായ അധ്യാപകരുടെ വൻ തോതിലുള്ള പ്രവേശനം വിദ്യാഭ്യാസത്തെ അനർത്ഥമാക്കുന്നു. ശരിയായ അധ്യാപകരില്ലാത്തത് കുട്ടികൾക്കെതിരെയുള്ള അനീതി തന്നെയാണ്.

കൂടാതെ കലാ-ശാസ്ത്ര മേളകളിൽ പണം വാരിയെറിഞ്ഞ് സ്ഥാനങ്ങൾ നേടുന്നതും കുട്ടികളോട് ചെയ്യുന്ന അനീതി തന്നെയാണ്.ഇവിടെ കഴിവിനല്ല പ്രാധാന്യം നൽകുന്നത്.

ഇത്തരത്തിലുള്ള വിവേചനങ്ങളും അസമത്ത്വങ്ങളും നിലനിൽക്കുന്ന വിദ്യാഭ്യാസരംഗം നീതി പൂർവ്വമാണ് മുന്നേറുന്നതെന്ന് വിശ്വസിക്കാൻപോലും സാധിക്കുന്നില്ല. മാറിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസം പുനഃസൃഷ്ടിക്കപ്പെടേണ്ട സാഹചര്യമായിരിക്കുന്നു.സ്വന്തം മാതൃ ഭാഷക്ക് സ്ഥാനം നൽകാതെ സംസ്കാര രഹിതമായ

സാഹചര്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുമ്പോൾ ഇവിടെ ഉണ്ടായിരുന്ന പഴയ വിദ്യാഭ്യാസ സമ്പ്രദായം പുനർജനിക്കപ്പെട്ടേ പറ്റൂ...







സാക്ഷ്യം

# ഒരു കൊച്ചു പെൺ കുട്ടി


ഹൃതുല്യ.ടി.കെ

പണ്ട് പണ്ട് ഒരു കൊച്ചു ഗ്രാമത്തിൽ ഒരു പെൺ കുട്ടിയും അവളുടെ അമ്മയും അച്ഛനും താമസിച്ചിരുന്നു. ഒരു ദിവസം അവളുടെ അമ്മയ്ക്ക് വയ്യാതായി. കുറേ ദിവസം കഴിഞ്ഞപ്പോൾ അമ്മ മരിച്ചു. ആ സമയം അവളുടെ അച്ഛൻ രണ്ടാമതായി ഒരു വിവാഹം കഴിച്ചു.അവളുടെ രണ്ടാനമ്മ അവളെ എന്നും വഴക്കുപറയുമായിരുന്നു. ഒരു അവൾ ഒരു മരത്തണലിൽ ഇരിക്കുകയായിരുന്നു.അവൾ അവളുടെ രണ്ടാനമ്മയുടെ ക്രൂരത ഓർത്തുക്കൊണ്ടിരിക്കയായിരുന്നു. അപ്പോഴാണ് ഒരു വഴിപ്പോക്കൻ അവളോട് എന്തിനാണ് കരയുന്നത് എന്ന് ചോദിച്ചു. അപ്പോൾ അവൾ നടന്ന കാര്യങ്ങൾ എല്ലാം പറഞ്ഞു. അപ്പോൾ ആ വഴിപ്പോക്കൻ പറഞ്ഞു വിഷമിക്കേണ്ട ഞാൻ എല്ലാം ശരിയാക്കിതരാം

എന്നു പറഞ്ഞ് വഴിപ്പോക്കൻ അവിടെ നിന്ന് പോയി.പിറ്റേന്ന് രാവിലെയായപ്പോൾ അവളുടെ രണ്ടാനമ്മയെ കാണാനില്ല.കാരണം ആ വഴിപ്പോക്കൻ അന്ന് രാത്രി രണ്ടാനമ്മയെ പേടിപ്പിച്ചു ഓടിച്ചു കളഞ്ഞു.പിന്നെ ഒരിക്കലും അവൾക്കും അവളുടെ അച്ഛനും ഒരു ബുദ്ധിമുട്ടും വന്നിട്ടില്ല.



# സാക്ഷ്യം



## പ്രകാശം പരത്തുന്ന പെൺ കുട്ടി

(ടി.പത്മനാഭൻ)

(ഭാവഗീതത്തിന്റെ ഏകാഗ്രമമായ ആയവും താളവും പുലർത്തുന്ന ടി. പത്മനാഭന്റെ പ്രശസ്തമായ ഒരു കഥാസമാഹാരമാണ് " പ്രകാശം പരത്തുന്ന പെണ്കുട്ടി".) മനുഷ്യന്റെ ആന്തരികസത്യങ്ങളെ കലര്പ്പില്ലാതെ അതേ പടി പകര്ത്തിയെടുക്കുമ്പോള് വായനക്കാരന്റെ ഹൃദയം കഥാകാരനോടൊപ്പമാകുന്നു.(അനുവാചകരെ മോഹിപ്പിക്കുകയും ബോധ്യപ്പെടുത്തുകയും ചെയ്യുന്ന പന്ത്രണ്ട് കഥകളടങ്ങിയ സമാഹാരമാണിത്.) മനുഷ്യജീവിതത്തില് സംഭവിച്ചേക്കാവുന്ന വ്യത്യസ്തമായ ജീവിതാനുഭവങ്ങളെ വാക്കുകളാല് ചിത്രീകരിക്കുന്ന കഥാകൃത്ത്.

[തിരിഞ്ഞുനോട്ടം, ത്യാഗത്തിന്റെ രൂപങ്ങള്, ശേഖൂട്ടി, ഭര്ത്താവ്, ഒരു ചെറിയ ജീവിതവും വലിയ മരണവും, ഗോട്ടി, കൊഴിഞ്ഞുവീഴുന്ന മനുഷ്യാത്മാക്കള്, ഒരു

കുമ്പൂകൂടി കരിയുന്നു, തിന്നുവാൻ പറ്റാത്ത ബിസ്കറ്റ്, ആ മരം കായ്ക്കാറില്ല, ഭാവിയിലേക്ക്, പ്രകാശം പരത്തുന്ന പേൺകുട്ടി എന്നിങ്ങനെ പന്ത്രണ്ട് കഥകളാണ് ഈ പുസ്തകത്തിൽ ഉൾ-ക്കൊള്ളിച്ചിട്ടുള്ളത്. ഓരോ കഥകളും വ്യത്യസ്തമായ ആശയ-ങ്ങളെയാണ് തുറന്നുകാട്ടുന്നത്.] ഇതിൽ ബാല്യത്തിന്റെ നിഷ്കളങ്കതയേയും സൗന്ദര്യത്തെയും മുഖ്യവിഷയമാക്കി രചിക്കപ്പെട്ടിട്ടുള്ള കൃതിയാണ് "തിന്നുവാൻ പറ്റാത്ത ബിസ്കറ്റ്". ബാല്യത്തേയും ബാല്യകാലനൊമ്പരങ്ങളെയും വ്യക്തമായി പ്രതിപാദിക്കുന്നതോടൊപ്പം ജാതീയമായ വേർത്തിരിവിന്റെ ഭീകരമായ ചിത്രത്തേയും കഥാകൃത്ത് വരച്ചുകാട്ടുന്നു. പപ്പൻ എന്ന പ്രധാനകഥാപാത്രത്തിലൂടെ യാണ് കഥ ആരംഭിക്കുന്നത്. പാപ്പൻ താഴ്ന്ന ജാതിയിലു-ള്ളവനായിരുന്നു. ദാരിദ്രത്താൽ കെട്ടിപ്പടുത്തതായിരുന്നു അവന്റെ കുടുംബം. അവന്റെ ബാല്യകാലസഖി ഉയർന്ന ജാതിയിൽപെട്ട അമ്മുക്കുട്ടിയായിരുന്നു. അമ്മുക്കുട്ടി എന്ന കഥാപാത്രത്തിലൂടെ കുഞ്ഞുമനസ്സുകളിൽ പോലും ജാതീയ-മായ വേർത്തിരിവിന്റെ വിത്തുകൾ പാകുന്നു എന്ന് വ്യക്ത മാക്കുകയാണ് കഥാകൃത്ത്. പാപ്പന്റെ ഏറ്റവും പ്രിയപ്പെട്ട ടീച്ചറായ ജാനമ്മടീച്ചർ സ്കൂളിൽ നിന്ന് പിരിഞ്ഞ് പോവുക യാണ്. മുടി നിറയെ പൂവും ചൂടി വെള്ളസാരിയുമുടുത്ത് വന്നി

# സാക്ഷ്യം

രുന്ന ഒത്തിരി സ്നേഹനിമിഷങ്ങൾ പകർന്നുതന്ന ജാനമ്മ ടീച്ചറെക്കുറിച്ച് ആലോചിച്ച് അവൻ ക്ലാസ്സുറിയിൽ നിന്ന് മറ്റേതോ സ്വപ്നലോകത്തേക്ക് സഞ്ചരിക്കുകയാണ്.

ഒടുവിൽ

രാമൻ മാസ്റ്റർ വന്ന് കണക്കുചോദിക്കുമ്പോഴാണ് അവൻ ഞെട്ടിയുണരുന്നത്. തന്റെ ബാല്യകാലസഖിയായ അമ്മുക്കുട്ടിക്ക് അവൻ ഉത്തരം പറഞ്ഞുകൊടുക്കുകയാണ്. പൊങ്ങച്ചക്കാരിയായിരുന്നിട്ടും അവളോടുള്ള അഗാധമായ സ്നേഹം കാരണം അവൻ അവൾക്ക് ഉത്തരം പറഞ്ഞുകൊ-ടുക്കുകയാണ്. ക്രിയ ചെയ്യുത് ചോദിക്കുമ്പോൾ അവൾ അവന്റെ സ്ലേറ്റെടുത്ത് കൊടുക്കുന്നു. അതുകൊണ്ട് തന്നെ പപ്പൻ മാഷിന്റെ ചൂരൽപ്രയോഗത്തിന്റെ രുചിയറിയേണ്ടി വന്നു. അവൾ വാഗ്ദാനം ചെയ്തിരുന്ന നെയ്യപ്പത്തിനുവേണ്ടി അവൻ ഒത്തിരി ആഗ്രഹിച്ചിരുന്നു. പക്ഷെ, അമ്മുക്കുട്ടി അവനെ പറ്റിക്കുകയാണ്. അവളെ ഒത്തിരി


വെറുത്തെങ്കിലും

അമ്മുക്കുട്ടി പിന്നീട് മാപ്പു പറയുന്നു. ഇത്തരത്തിൽ ഇണക്ക

ങ്ങളും പിണക്കങ്ങളുമായി മുന്നോട്ട് പോകുന്ന കഥ ഒടുവിൽ ജാനമ്മടീച്ചറിലേക്കെത്തുന്നു. ജാനമ്മടീച്ചറും രാഘവൻ മാസ്റ്ററും തമ്മിൽ സ്നേഹിച്ചതുകാരണമാണ് ഈ പിരിയൽ എന്നറിഞ്ഞപ്പോൾ പപ്പന്റെ ഉള്ളൊന്ന് പിടയുന്നു. ജാനമ്മടീച്ചറുടെ വകയുള്ള സൽക്കാരത്തിൽ അവന് മൂന്ന് വലിയ ബിസ്ക്കറ്റുകളും പഴവും കിട്ടുന്നു. അവൻ വളരെ സന്തോഷത്തോടെ കഴിച്ചെങ്കിലും അമ്മുക്കുട്ടി വളരെ ദുഖത്തോടെ അത് കുളത്തിലേക്കെറിയുകയാണ്. താഴന്നജാതിയായ ടീച്ചറിൽ നിന്നും ഒന്നും വാങ്ങിക്കരുതെന്നുള്ള അർത്ഥമില്ലാത്ത നിബന്ധനകൾ അനുസരിക്കേണ്ടിവരുമ്പോൾ അമ്മുക്കുട്ടി തികച്ചും അസ്വസ്ഥയാവുന്നു. ഇവിടെ, ചെറിയ കുട്ടികളിൽ പോലും ജാതീയമായ വിദ്വേഷത്തെ ഊറ്റിയിറക്കുന്ന സമൂഹത്തെയാണ് കഥാകൃത്ത് വ്യക്തമാക്കുന്നത്. എന്നാൽ ഒടുവിൽ അമ്മുക്കുട്ടി ജാതിയും മതവുമൊന്നും നോക്കാതെ, ഒരു പുരുഷനെ ഭർത്താവായി തിരഞ്ഞെടുക്കുകയാണ്. ആ കുടുംബത്തിന്റെ സുഗമമായ നിലനിൽപ്പിനു വേണ്ടി പപ്പൻ പ്രാർത്ഥിക്കുന്നു.

ഇത്തരത്തിൽ ബാല്യത്തിന്റെ നിഷ്കളങ്കതയെയും സ്നേഹത്തേയും, കുഞ്ഞുമനസ്സുകളിൽ സമൂഹം കൊത്തിതീർക്കുന്ന അനർഥമായ ശിൽപ്പങ്ങളേയും വാക്കുകളിലേക്ക് ആവാഹിക്കുന്ന മഹാനായ കഥാകാരന്റെ പാടവം എത്ര

ത്തോളമാണെന്ന് നമ്മുടെ മുന്നിൽ തെളിയുന്നു.



# നന്ദി പ്രളയമേ

## റഫമോൾ.ടി.പി

## 7.A

**സംഹാരമാടിയ പ്രളയ ദിനങ്ങളിൽ**

**ഒരുമയായ് നിന്നൊരെൻ പ്രിയ ജനതേ.......**

**നേരുന്നു നിങ്ങൾക്കൊരായിരം നന്മകൾ,**

**നൽകുന്നു നിങ്ങൾക്കൊരായിരം പൂച്ചെണ്ട്.**

**പ്രളയമേ നീയാണ് തോറ്റതിന്നിവിടെ........**

**തകർക്കാൻ കഴിഞ്ഞത് മതത്തിന്റെ, ജാതിയുടെ**

**ചങ്ങലക്കെട്ടുകൾ........**

**പഠിക്കാൻ കഴിഞ്ഞത് ഒരുമയുടെ**

**പാഠങ്ങൾ......!**



കാണാൻ കഴിഞ്ഞത് സ്നേഹകരങ്ങളേ.......!!

സഹനത്തിൻ നാളുകൾ കൊഴിയുന്ന വേളയിൽ

ഓർമ്മയുണ്ടാവണം

# സാക്ഷ്യം

നന്മമുഖങ്ങളെ.......!!

മറക്കാൻ കഴിയില്ല കടലിന്റെ മക്കളെ,

മറക്കാൻ കഴിയില്ല പ്രിയ സൈനികരേയും.....!!

നന്ദിയോടെന്നും ഓർക്കണം നമ്മൾ കൈപിടിച്ചെത്തിയ

നല്ലയൽക്കാരെയും......!!

ലോകം മുഴുവൻ അത്ഭുതം കൂടട്ടെ

കേരളനാടിന്റെയി ചങ്കുറ്റമോർത്തെന്നും.....!!



**GHSS THIRUVALI**

# സ്വപ്നത്തിലേക്ക്

**ABHIJITH**

**ആ** മനസ്സിന്റെ ആഗ്രഹങ്ങളുടെ നടുവിലേക്ക് തന്റെ കാലിന്റെ വൈകല്യം ഒരു പ്രശ്നമായിരുന്നില്ല. ജീവിതാരഭം മുതൽ വൈകല്യങ്ങളുടെ വേദന അനുഭവിക്കുന്ന ജീവന് നാലാംവയസ്സിലാണ് പോളിയോ ബാധിച്ചത്. ലോകത്തിലെ ഏറ്റവും നല്ല ഓട്ടക്കാരനാവണം എന്ന ആഗ്രഹം തന്നെ തന്റെ ജീവന്റെ നിലനിൽപ്പിനെ തടുത്തു നിർത്തി ആളുകളെല്ലാം തന്നെ അവരുടെ വാക്കുകൾകൊണ്ട് കുത്തിനോവിച്ചപ്പോഴും അവരോടുള്ള പ്രതികാരമായി ഉത്തരമായി അവൻ ചെറുത്തുനിന്നു. സ്കൂൾ കാലഘട്ടം അവന് വളരെ പ്രയാസം നിറഞ്ഞതായിരുന്നു. തന്റെ കൂട്ടുകാരുടെ പരിഹാസം തന്നെ ഒരിക്കലും തളർത്തില്ല എന്ന ഒരു വിശ്വാസം തനിക്ക് ലക്ഷ്യപ്രാപ്തിയിലേക്ക് എത്തിച്ചേരാൻ സഹായിക്കുമായിരുന്നു.

ഒരു ദിവസം അങ്ങാടിയിലേക്കു നടക്കാനിറങ്ങിയ ജീവനേയും നാരായണൻ എന്ന ജീവന്റെ അഛനേയും പിടിച്ചുവച്ച്  ആളുകൾ ചോദിച്ചു: " എന്തായെടോ തന്റെ മകന്റെ ഓട്ടം." നാരായണൻ പറഞ്ഞു:" ഈ മാസം 25-ന്
ഇന്റർനാഷണൽ ലെവലിൽ ഒരു ഓട്ടമത്സരമുണ്ട്. ആ പറഞ്ഞതിന് ഊ ർജ്ജം പകരാൻ ആരുമുണ്ടായിരുന്നില്ല. അവർ പറഞ്ഞു.

# സാക്ഷ്യം

" തന്റെ മകനെ കൊണ്ട് ഇതൊന്നും നടക്കില്ലെടോ. അവൻ വേറെ പണിയൊന്നുമില്ലേ?"

ഒരു നിമിഷം മൂകതയിലേക്ക് നയിച്ച തന്റെ മനസ്സിനെ ഉയർ ത്തികൊണ്ട്
തലപൊക്കി നാരായണൻ പറഞ്ഞു:" നിങ്ങൾ കണ്ടോളൂ. എന്റെ മകൻ ഒരു ദിനം റോക്കറ്റിന്റെ കുതിപ്പോടെ പറന്ന് അവന്റെ സ്വപ്നത്തിൽ എത്തിച്ചേരും, കാരണം ജീവനെന്ന അവന്റെ ജീവന്റെ വിലയാണ് ആ സ്വപ്നത്തിന് കൽപ്പിക്കുന്നത്."

ഈ വാക്കുകൾ ജീവന് കൂടുതൽ ഊർജ്ജം പകരുന്നതായിരുന്നു. അവിടെ കൂടിയ ആളുകളുടെ കണ്ണിൽ അപ്പോഴും പ-രിഹാസത്തിന്റെ തിളക്കം കാരണമായിരുന്നു. എന്നാൽ ജീവന്റെ കണ്ണു-കളിൽ തീപ്പൊരിയുടെ പ്രകാശം വിരിയുന്നത് കാരണമായിരുന്നു.

ഇന്ന് 23-ാം തീയ്യതിയ. തന്റെ ഓട്ടമത്സരത്തിനു വേണ്ടി ബ്രസീലിലേക്ക് പോവാൻ ഒരുങ്ങുന്ന ജീവന് മറ്റുള്ള രക്ഷിതാക്കളിൽ നിന്നും അതീതമായി പ്രോത്സാഹനം ലഭിച്ചിരുന്നു. സ്റ്റേഡിയത്തിന്റെ ഉള്ളിലേക്ക് കടന്നപ്പോഴും ഒരു പേടിയും ഉണ്ടായിരുന്നില്ല. പക്ഷെ തന്റെ ആദ്യശ്രമത്തിൽ അവൻ പരാജയപെട്ടുപോയി. തന്റെ ലക്ഷ്യം നിറവേറ്റാൻ അവനുകഴിയില്ല എന്നതോന്നൽ ആദ്യം അവനിൽ ഉയ-ർന്നു. അവൻ അവിടെ നിന്നും ഇറങ്ങിനടന്നു. ഈ ലോകത്ത് താൻ ഒറ്റപ്പെടുന്നത് പോലെ തോന്നി. അവന്റെ വെള്ളാരം കണ്ണുകളിൽ നി-ന്നും പളുങ്കുമണികൾ പോലെയുള്ള കണ്ണുനീർ പൊഴിഞ്ഞു. അവൻ

തിരിച്ച് നാട്ടിൽ വന്നപ്പോൾ എല്ലാവരും അവനെ കളിയാക്കി. ഞങ്ങ-
ൾ അപ്പോഴെ പറഞ്ഞതല്ലെ ഇതൊന്നും പറ്റില്ലായെന്ന് എന്നതായിരു
ന്നു അവരുടെ ചോദ്യം. തന്റെ മനസ്സിനെ ആ മൂകമായ ചിന്തകളെ അവ-
ൻ തിരിച്ചുവിട്ടു.

2 വർഷങ്ങൾക്ക ശേഷം വീണ്ടു ഒരു ഓട്ടമത്സരം തന്റെ മൂകയായ ചിന്തയിൽ നിന്നും ഉണർന്ന് എഴുന്നേറ്റ് അവൻ പരാജയം വിജയത്തിന്റെ മുന്നോടിയായി കണ്ട് ഒരു തിരിച്ചുവരവിന് ഒരുങ്ങി.

ഇത്തവണ ലണ്ടനിലാണ് മത്സരം.



# ഒറ്റപ്പെടലിന്റെ ഓരോർമ്മ

അശ്വനി കൃഷ്ണ
9.ഇ

എല്ലാം നഷ്ടപ്പെട്ട് അവൻ നിൽക്കുകയാണ്. നഷ്ടത്തിന്റെ  പടുകുഴിയിലേക്ക് ഒരു റോക്കറ്റിന്റെ കുതിപ്പോടെ അവൻ താഴ്ന്നു വീണു. എല്ലാം വിധിയെന്ന് സ്വയം ആശ്വസിപ്പിക്കുകയാണവൻ. ഇന്നവന് പേടിയാണ് കാറ്റിനേയും, മഴയെയും എന്തിന് പ്രകൃതിയുടെ ഓരോക്കണിയേയും. ഇന്നവൻ അനുഭവിക്കുന്ന ഒറ്റപ്പെടലിന്റെ അസഹനീയത മറക്കുവാനാവുമോ. ഇനിയൊരു ജന്മത്തിന്? ഒരൊറ്റ നോട്ടം കൊള്ളുവെ നഷ്ട്ടമായതവനുമാത്രം. അവന്റെ ഉള്ളിൽ ആളിക്കത്തുന്ന തീയണക്കുവാൻ ആർക്ക് കഴിയും? കുറച്ചുനാൾ മുമ്പെ തന്റെ കൺമുമ്പിലൂടെ സന്തോഷമേറിനടന്ന തന്റെ കുടുംബം ഒരു

നിമിഷത്തിൽ മനുഷ്യജീവന്റെ അവസാന ശ്വാസമെടുത്ത് വിട പറഞ്ഞുപോയ കാഴ്ച.... മറക്കുവാനാവുമോ നൂറു ജന്മമെടുത്താലും? ഒന്നുറക്കെ കരയുവാൻ പോലും കഴിയാത്ത തന്റെ നിസ്സഹായത ആരോടു പറയാൻ? വിധി എന്ന വിശ്വാസമായ രണ്ട് അക്ഷരം ഉൾക്കൊള്ളുന്നത് ഈ ലോകത്തിന് തുല്യമായി തന്നെ. എന്താണല്ലെ ഒരുവാക്കിന്റെ കരുത്ത്! അവന്റെ കുടുംബം അവന്റെ കൺമുമ്പിൽ ചിന്നിചിതറുന്ന കാഴ്ച...അതിന്റെ ദയനത. അത് ആരെക്കൊണ്ടും അളക്കുവാൻ സാധിക്കില്ല എന്ന സത്യം ആരിലും വേദന ഉളവാക്കുന്നു. പ്രകൃതി ഉഗ്രരൂപിണിയായി നഖത്തിലും ദന്തത്തിലും രക്തം പൂണ്ട് തിരിച്ചടിക്കാൻ തുടങ്ങി എന്നതിന്റെ തെളിവാണ് അവന്റെ ഒറ്റപ്പെടൽ. പുഴയെല്ലാം കടലായി തിരയടിക്കുന്നു. പാറകൾ ചിന്നിച്ചിതറി പ്രക്ഷോഭിക്കുന്നു. ഒന്നും ചെയ്യാൻ കഴിയാതെ തന്റെ വീടും, നാടും, കുടുംബവും ചിന്നഭിന്നമാവുന്നത് കണ്ട് നിസ്സഹനായി അവൻ നിന്നു. ഏട്ടാ...ഏട്ടാ...കുട്ടികളുടെ ആർപ്പുവിളി. മയക്കത്തിൽ നിന്നവൻ ഉണർന്നു. കണ്ടതെല്ലാം

സ്വപ്നമായിരുന്നോ? അവനൊന്ന് മനസ്സോടിച്ചു. കണ്ണുകളിൽ നിന്ന് കണ്ണുനീർ തുള്ളികൾ ഉറ്റവീഴാൻ തുടങ്ങി.ഇറങ്ങാനായില്ലേ?
അവനൊന്നും പറഞ്ഞില്ല. ഇന്നവൻ അവിടെ നിന്നും ഇറങ്ങും. അവിടെ അനേകം ജീവനുകളുണ്ട്. ജാതിയുടെ മതത്തിന്റേയോ മതിലില്ലാത്ത ഒരിടം. രാഷ്ട്രീയമോ വാക്കുതർക്കങ്ങളോ  വലിയവനോ ചെറിയവനോ എന്ന വിഭിന്നതകളൊന്നുമില്ലാത്ത ഒരിടം . ഓരോ മനുഷ്യനും ഒത്തൊരുമയോടെ കൈകോർത്ത് എല്ലാ വേദനെയും മനസ്സിൽ ഒതുക്കി ഇന്നിവിടെ കഴിയുന്നു. അവിടം ഇന്നവർക്ക് സ്വർഗ്ഗമാണ്. അവൻ അവിടെ നിന്ന് ഇറങ്ങി നടന്നു. ഈ

# സാക്ഷ്യം

ലോകത്ത് താൻ ഒറ്റപ്പെട്ടപ്പോൾ അവൻ മനസ്സിലോർക്കുന്നു. താൻ പഠിച്ച് വലുതായി പഠിയിറങ്ങിയ തന്റെ വിദ്യാലയം. ആ വിദ്യാലയത്തിൽ തന്റെ കുഞ്ഞുങ്ങളെ പഠിപ്പിക്കാൻ വിസംമ്മതിച്ച ഓരോരുത്തനും ഇന്ന് ആ വിദ്യാലത്തിന്റെ തണൽ ആശ്രയിച്ച് ജീവിക്കുന്നു.അതെ ഇന്ന് ആ വിദ്യാലയത്തിന്റെ പേര് ദുരിതാശ്വാസ ക്യാമ്പ്..! കാലം നമ്മെ ഏറെ പഠിപ്പിക്കുന്നു. ഇനിയും പഠിക്കാത്തത് നാം മാത്രം.



# എന്റെ പ്രകൃതിമാതാ

നെഞ്ചിലെ പാലാഴി എന്നിലേ
ക്കുറ്റിച്ച പുഞ്ചിരി തൂകുന്ന പ്രകൃതി മാതാ
കൈവന്നതെല്ലാം കളഞ്ഞുപോയ് നിൽക്കുമ്പോൾ
ഇളം കാറ്റായി തലോടുന്ന പ്രകൃതി
പുഞ്ചിരി പൂവായി പ്രകൃതി എന്നിൽ
സ്നേഹമായ് വീഴുന്ന പൂക്കൾ
അവസാനമില്ലാതെ സ്നേഹിച്ചൊഴുകുന്ന
ദാഹം തീർത്തിട്ടു പാലായി, സ്നേഹമായ്
കള കളകമൊഴുകുമെൻ അരുവി
അതിലെ സ്നേഹമാതാവെന്റെ പ്രകൃതി
അന്നവും വെള്ളവും ജീവവായുവും
എന്നിലേക്കെത്തിക്കുമെൻ പ്രകൃതി മാതാ
പെറ്റമ്മപോലെ എൻ നിലനിർത്തുമെൻ
പോറ്റമ്മ പ്രകൃതി എൻ ജീവന്റെ
താളമാം പ്രകൃതി എൻ ജീവന്റെ
വായുവാം പ്രകൃതി
തളർന്നുപോയി നിൽക്കുമ്പോൾ അമ്മപോൽ
എന്നെ തലോടുമെൻ ഇളം കാറ്റുപോലെയെൻ പ്രകൃതി
അതിലെ അമ്മയായ് മാറുമെൻ പ്രകൃതി.
എന്നിലെ കാൽപാദനാളത്തെ

# സാക്ഷ്യം



ഏന്തി എന്നെ തലോടുമെന്നമ്മ
എന്നുമെന്നെ ഏന്തി നടക്കുന്ന പ്രകൃതി.
അമ്മയില്ലാത്തവർക്കെല്ലാം അമ്മയായ്
എന്നിലെ ക്രൂരതകൾ സഹിച്ചും പൊറുത്തുമെന്നെ
ജീവിക്കാൻ ഉത്തോധിപ്പിക്കും അമ്മ
എന്നെ പ്രകൃതിപാഠങ്ങൾ അതികഠിനമാം

**GHSS THIRUVALI**


പാഠങ്ങൾ എന്നിലേക്കുറ്റിച്ച്
എന്റെ കാളകൂടവിഷം
തന്നിലേക്കാവാഹിച്ച് എന്നെ വളർത്തുമെൻ
ജീവന്റെ മാതാ എന്റെ പ്രകൃതി
പെറ്റമ്മ എന്നെ ജനിപ്പിച്ചുവെങ്കിലും
എന്റെ മാതേ നീ പ്രകൃതിമാതേ
നീ എന്നുമെന്നെ ജനിപ്പിക്കുന്നു
എന്നിലെ കഴിവുകൾ ഉണർവുകൾ
ജീവനെയും നീ നിത്യം ജനിപ്പിക്കുന്നു.
നീ എന്നെ മാതേ ! നിത്യവും നിൻ
മനോഹാരിത കൊണ്ടെന്റെ ചങ്കിലെ പാറ
പോലും അമൃതായി മാറ്റി എൻ അമ്മ
തേങ്ങപോലെ എന്റെ ഹൃദയം നീ
ഉണർത്തുന്നു നീ എന്നെ നിത്യവും
ജീവിപ്പിച്ചീടുന്നു.
പച്ചിലചാർത്തിൻ പഴുതിങ്കിലൂടെ
കാണും നിൻ പശ്ചിമാഭരത്തിലെ പനിനീർ
പൂന്തോട്ടം നിന്റെ തൻ
ഭംഗി കാണും നേരം ഉണരുന്നു.
മാറുന്നു ഞാൻ അതിലെ കുഞ്ഞുപൂവായ്
എന്റെ ദുഃഖവും മറ്റും നീ നിന്റെ
ഹൃദയത്തിലേന്തു ഒരു കുഞ്ഞരുവിയായി
ആരെയും ഏന്തും  സ്വന്തമായ്
കാണുമെൻ പോറ്റമ്മയാണെന്റെ പ്രകൃതി.
നിന്നിലെ അരുവിയാം പാലാഴി കൊണ്ടവി
ടയും തേനാകുമമ്മ.

# സാക്ഷ്യം

ഒരു കുഞ്ഞു പൂ കൊണ്ടെന്നെ തലോടുമെൻ
അമ്മ എന്റെ ജീവന്റെ താളമാം
പ്രകൃതി മാതാ.
എന്റെ ജീവന്റെ ഉറവിടമാം പ്രകൃതി മാതാ
എന്നിലെ തീ ഉണ്ട എന്നിലെ വിഷമെല്ലാം
ഏറ്റുവാങ്ങുന്ന അമ്മ സ്വയം
കത്തിയെരിയുന്ന അമ്മ എന്റെ ജീവന്റെ
ഉറവിടമാം പ്രകൃതി മാതാ.
എല്ലാം സഹിച്ചും പൊറുത്തും
മെൻ ജീവന്റെ പാറയെപോലും
വിടാതെ തലോടുന്ന ജീവന്റെ നാദ
മാം പ്രകൃതി മാതാ
എന്നുമേപ്പോഴുമെൻ കൈ പിടിക്കുമെൻ
പ്രകൃതി അമ്മ.
ഏതു ദുഃഖവും വിഷവും പങ്കിടുമെൻഅമ്മ. എന്നിലെ-
കയ്പ്പും ചവർപ്പും
ഏറ്റുവാങ്ങി മധുരവും പാലും
തിരിച്ചുതരുന്നൊരു അമ്മ എന്നെ
ഹൃദയത്തിലേന്തുന്ന പ്രകൃതി മാതാ
എന്നിൽ തേനൊഴുക്കുന്ന അമ്മ എന്റെ

ശക്തിയും കരുത്തുമായ് മാറുന്ന
പ്രകൃതി.സ്വന്തം കഴിവാൽ എന്നെ
വീണ്ടും വീണ്ടും ജീവിക്കാൻ പ്രേരിപ്പിക്കുമെൻ
പ്രകൃതി മാതാ
ഉള്ളിൽ കരഞ്ഞും എരിഞ്ഞും
എന്റെ പരീക്ഷണ വസ്തുവായ് അമ്മ
എന്റെ ദുഃഖ കടലായ പ്രകൃതി മാതാ
പെറ്റമ്മപോലെ തുല്യമാം
കാണുമെൻ അമ്മ
എന്നെ വളർത്തുമെൻ പ്രകൃതിമാതാ
നെഞ്ചിലെ പാലാഴി ജനനം മുതൽ
ക്കെന്നിൽ ഇറ്റിച്ചുവളർത്തു
മെൻപ്രകൃതി മാതാ
ഇളം കാറ്റായ് മാറിയെൻ ജീവന്റെ

താളം വഹിക്കുന്ന  പ്രകൃതിമാതാ
പിന്നെ പുഞ്ചിരി തൂകുന്ന
പ്രകൃതി എന്നുമെൻ ജീവന്റെ
താളവും നിലനിൽപ്പുമെൻ പ്രകൃതിമാതാ
എന്റെ ജീവന്റെ താളമായ പ്രകൃതിമാതാ
എന്റെ ജീവന്റെ താളമായ് പ്രകൃതിമാതാ.




# സാക്ഷ്യം



GHSS THIRUVALI

# വിമോചനശബ്ദങ്ങൾ സംഗീതമാകുമ്പോൾ



ഹുദ അബ്ദുള്ള . പി
9 B

സമൂഹത്തിലെ അടിസ്ഥാനവർഗങ്ങളുടെ ഉന്നമനത്തിനായി അവരുടെ ജീവിതത്തെ കലർപ്പില്ലാത്ത പുസ്തകങ്ങളിലേക്ക് പകർത്തി കാണിച്ചുതന്ന പ്രശസ്തനായ മലയാളസാഹിത്യകാരനാണ് "മലയാളത്തിന്റെ മോപ്പസാങ് " എന്നറിയപ്പെടുന്ന തകഴി ശിവശങ്കരപ്പിള്ള . തന്റെ ജന്മദേശമായ കുട്ടനാടിന്റെ യഥാർത്ഥ അവസ്ഥയെയാണ് തകഴി കാണിച്ചുതന്നത്.സമൂഹത്തില താഴ്ന്നസ്ഥിതിയിൽ ജീവിക്കുന്ന വരോടുകൂടി ജീവിച്ച് അവരുടെ പ്രശ്നങ്ങളെയും അവരോട് നമ്മൾ കാണിക്കുന്ന അനീതിയെയും വിദ്വേഷത്തെയും തുറന്നു കാണിക്കുകയാണ് തകഴി. കുട്ടനാട്ടിലെ ഭൂരിഭാഗവും ജനങ്ങളുടെയും പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവർക്ക് വേണ്ടി ജീവിതം മാറ്റിവെച്ച തകഴി "കുട്ടനാടിന്റെ സാഹിത്യകാരൻ ", മണ്ണിനെയറിഞ്ഞ സാഹിത്യകാരൻ " എന്നീ പേരുകളാൽ

# സാക്ഷ്യം

അറിയപ്പെടുന്ന .ലളിതമായ ഭാഷയിലൂടെ വിശാലമായ ആശയത്തെ വായനക്കാരന്റെ ഹൃദങ്ങളിലേക്ക് ആവാഹിക്കുന്ന തരത്തിലുള്ള അദ്ദേഹത്തിന്റെ ഒരു കൃതിയാണ് "തോട്ടിയുടെ മകൻ ” തന്റെ സമൂഹത്തിന്റെ അവകാശങ്ങൾക്കും നീതിക്കും വേണ്ടി ജീവൻ മറന്നു പോരാടുന്ന ഒരു സാരനായകനെയും നീതിക്കുവേണ്ടി നടത്തുന്ന സമരത്തിന്റെ തീക്ഷണതയെയും ലളിതമായ വാക്കുകളാൽ കഥാകാരൻ ചിത്രീകരിക്കുകയാണ് .സമൂഹത്തിലെ അടിസ്ഥാന വർഗമായ് തോട്ടികളുടെ ജീവിതമാണ് കഥയുടെ പ്രമേഹം. തങ്ങളുടെ അവകാശങ്ങൾക്കും നീതിക്കും സമാധാനപരമായ ജീവിതത്തിലും വേണ്ടി പോരാടുന്ന തോട്ടികളുടെയും തൊഴിലാളികളുടെയും സമരവും അതിന്റെ ഫലമായി സംഭവിക്കുന്നതുമാണ്  കഥയുടെ ഉള്ളടക്കം. അധികാരികളുടെയും ഉയർന്ന ഉദ്യോഗസ്ഥന്മാരുടെയും ചൂഷണത്തിന് വിധേയരായി കറുത്ത ജീവിതത്തെ ഭയം കൊണ്ട് നിറച്ച് തള്ളിനീക്കിക്കൊണ്ടുപോകുന്ന ഈ അടിസ്ഥാനവർഗം തങ്ങളെ നിശ്ശബ്ദരാക്കിക്കൊണ്ടിരുന്ന യന്ത്രസമാനമായി ഞങ്ങളെ കാണുന്ന ഭീമാകരമായ  രാക്ഷസന്മാർക്കെതിരെ പട പൊരുതുകയാണ്. അർദ്ധനഗ്നാരായ അരപ്പട്ടിണിക്കാരായ അവരുടെ അതിഭീമമായ സമരം അധികാരികളെ


പിടിച്ചുലക്കുന്നു. നമ്മുടെ മുന്നിൽ ഓച്ഛാം നിച്ചുനിന്നവരെ ഭയക്കേണ്ടിവരുന്ന അവസ്ഥയെ അതിജീവിക്കാനായി അവർ നിരത്തുകളിലൂടെ പട്ടാലങ്ങളെ ഇറക്കുകയും പൊതുപണിമുടക്ക് പ്രഖ്യാപിക്കുകയും ചെയ്യുന്നു. പൂർണ്ണമായി സ്തംഭിച്ച നഗരത്തെ കഥാകൃത്ത് കറുത്തിരുണ്ടു എന്നു വിശേഷിപ്പിക്കുന്നുണ്ട്. അത്തരത്തിൽ ആയിരമായിരം വരുന്ന ജനസമൂഹം പലയിടത്തും സമാധാനമായ രീതിയിൽ സമരം നടത്തിയെങ്കിലും അക്രമം സക്തമെന്ന് പറഞ്ഞ് അധികാരികൾ അവർക്കുനേരെ വെടിയുതിർക്കുകയും വരെ അടിച്ചമർത്താൻ ശ്രമിക്കുകയും ചെയ്യുകയാണ്. എന്നാൽ ഈ നീചമായ മുന്നറിയിപ്പ് അവരെ തളർത്തുന്നില്ല. ശക്തി ആർജിച്ചെടുത്ത് വീണ്ടും ഉയർന്ന് അവർ സമരമുദ്രവാക്യങ്ങൾ ഉരുവിട്ടുകൊണ്ടേയിരുന്നു. ഒരാഴ്ചയോളം സമരം സമാധാനപരമായി തുടർന്നുപോകുകയും വെടിവെപ്പ് തുടർന്നു കൊണ്ടേയിരയക്കുകയും ചെയ്യുന്നു. ഇതിനിടയിലാണ് കഥാനായകനായ മോഹനൻ പ്രതക്ഷപ്പെടുന്നത് .അവകാശങ്ങൾക്കും ശരിയായജീവിതത്തിനും വേണ്ടി പോരാടുന്ന തന്റെ സമൂഹത്തെ ദൃഢനിശ്ചയത്തോടെയും ഗാംഭീര്യത്തോടെയും നിർഭയത്തോടെയും മോഹനൻ മുന്നോട്ടുകൊണ്ടുപോകുന്നു.എന്നാൽ തന്റെ കൂട്ടത്തിലുള്ളവർ ജീവനറ്റുകിടക്കുന്നതുകണ്ട അവൻ പ്രതികാര ദാഹിയായി അധികാരികളുടെ കെട്ടിടത്തെ അഗ്നിക്കിരയാക്കുകയാണ് .ഇവിടെ സമരത്തിന്റെ തീക്ഷണതയെയും അടിച്ചമർത്തലിനെതിരെയുള്ള ശക്തമായ തിരിച്ചടിയെയുമാണ് കഥാകൃത്ത് വ്യക്തമാക്കുന്നത്.ദൃഢമായ ശക്തമായ ഒരു നായകനാൽ  സമരം തുടർന്നുപോകുന്നു. നഗരത്തിന്റെ  ഹൃദയ ഭാഗത്തുകൂടെയുള്ള ആ

# സാക്ഷ്യം

സമരത്തിന്റെ നായകനായി ,തന്റെ വർഗത്തിന്റെ നവോത്ഥാനത്തിനായി അവർ മാറുന്നു . "വിപ്ലവം ജയിക്കട്ടെ"എന്ന മുദ്രവാക്യം അവിടെ ആവർത്തിക്കുമ്പോൾ നമ്മുടെ ഹൃദയം പോലും ഒന്നു കിടുക്കുന്നു .ഈ അവസരത്തിൽ ആണ് മോഹനന്റെ കഴുത്തിൽ അവന്റെ സുഹൃത്തുക്കൾ തിളക്കുന്ന രക്തത്തിന്റെ പ്രതീകമായ ഒരു ചുവന്ന മാല കഴുത്തിൽ അണിയുന്നത് . അങ്ങനെ വീര്യത്തോടെ മുന്നോട്ടുകൊണ്ടു പോകുന്ന സമരത്തെ അധികാരികൾ വെടിയുണ്ടകൾ കൊണ്ട് അടക്കാൻ ശ്രമിച്ചെങ്കിലും അണിമുറിയാതെ ആ ഘോഷയാത്ര മുന്നോട്ടു പോകുകയാണ് . നിലക്കാത്ത ആ സമരം ഇന്നും തുടരുന്നു എന്നതിന്റെ പ്രതീകമായിട്ടായിരിക്കാം ഇത് .ഒടുവിൽ മോഹനൻ വെടിയേറ്റ് വീണ് മരിക്കുകയാണ് . കുളുസ് മാലിന്യത്തിന്റെ കൂമ്പാരത്തിനിടയിൽ നിന്ന് ആണ് മോഹനന്റെ അസ്ഥിപഞ്ജരത്തെ കാണുന്നത് . അതിന്റെ കഴുത്തിൽ ചുവന്ന നൂലിടകൾ തിളങ്ങുന്നുണ്ടായിരുന്നു .ഇത്തരത്തിൽ സ്വന്തം വർഗത്തിന്റെ വിമോചനത്തിനു വേണ്ടി തന്റെ ജീവൻ കൊടുത്ത ഒരു വീരനായകന്റെയും വിമോചനത്തിനു വേണ്ടി

പൊരുതുന്ന ഒരു ജനതയെയും വാക്കുകളാൽ ജനഹൃദയങ്ങളിലേക്ക് പ്രവേശിപ്പിക്കുകയാണ് .

ഇന്നത്തെ സമൂഹത്തിലും ജാതി മത വർണ്ണ വർഗ വിമോചനങ്ങൾ തലപൊക്കുമ്പോൾ അതിനെതിരെ നമ്മുടെ ശബ്ദവും ഉയർത്തണമെന്നുള്ള ആശയം തകഴി വായനക്കാരനിലേക്ക് ലളിതമായ ഭാഷയിൽ എത്തിക്കുന്നു .അപ്പോൾ കഥാകാരന്റെ ചിന്തയും നമ്മുടെ മുന്നിൽ തെളിയുന്നു .



# ചിത്ര ശാല









# സാക്ഷ്യം



# സൂര്യ.ബി-9 ഇ


GHSS THIRUVALI

# ഒരു മാന്ത്രിക ഷൂ

ഒരിടത്ത് ഒരു കുട്ടി  വിശന്ന് ഇരിക്കുകയായിരുന്നു.
അപ്പോൾ  അവിടേയ്ക്ക്  വേറെ  ഒരു  കുട്ടി  വന്നു.  ആ കുട്ടിയോട്
വിശന്നിരിക്കുന്ന  കുട്ടി  ചോദിച്ചു : "എന്തെങ്കിലും  കഴിക്കാൻ തരുമോ?" വിശന്നിരിക്കുന്ന
കുട്ടിക്ക്  ഒരു  കപ്പ്  വെള്ളവും ചോറും കൊടുത്തു. വിശന്നിരിക്കുന്ന കുട്ടി  നന്ദി  പറഞ്ഞു.
അതിന്റെ അപ്പുറത്തായിട്ട് ഒരു മാലാഖ ഇരിക്കുന്നുണ്ടായിരുന്നു. ചോറ് കൊടുത്ത
കുട്ടിയുടെ മുമ്പിൽ ഒരു മാന്ത്രിക ഷൂ പ്രത്യക്ഷപ്പെട്ടു. ആ  ഷൂ ഇട്ടതും ആ കുട്ടിക്ക്
മനോഹരമയ ഉടുപ്പും ഷൂവും കിട്ടി. കുറച്ച് ദിവസം കഴിഞ്ഞ് വേറെ  ഒരു കുട്ടി
വിശന്നിരിക്കുമ്പോൾ അതിലെ  ഒരു കുട്ടി കടന്നു വന്നു.ആ കുട്ടിയോട് വിശന്നിരിക്കുന്ന
കുട്ടി ചോദിച്ചു:"എനിക്ക് കഴിക്കാൻ എന്തെങ്കിലും തരുമോ?"മറ്റേ കുട്ടി വിശന്നിരിക്കുന്ന
കുട്ടിയെ തിരിഞ്ഞുനോക്കാതെ പോയി. അടുത്ത് ഒളിച്ചിരുന്ന മാലാഖ ഒരു മാന്ത്രിക ഷൂ
ഇട്ട് കൊടുത്തു. മറ്റേ കുട്ടി ആർത്തിയോടെ അത് ഇട്ടു. ആ കുട്ടിയുടെ ഭംഗിയുള്ള ഡ്രസ്സ്
മാറി കീറിയ  ഡ്രസ്സ് കിട്ടി.

ഗുണപാഠം:ആരേയും വേർത്തിരിച്ച് കാണരുത്.

അവന്തിക.കെ
5.ബി



സാക്ഷ്യം

# തെരുവിന്റെ മക്കൾ




തലചായ്ച്ചുറങ്ങാൻ...
ആ മടിയിൽ
തലചായ്ച്ചുറങ്ങാൻ...
മോഹം!
എന്റെ മുടിയിഴകളിൽ
അമ്മയുടെ കൈവിരലുകളാൽ
തലോടുവാൻ ഞാനും ഏറെ
കൊതിച്ചിട്ടുണ്ട്-
വെങ്കിലും എനിക്ക് ഭാഗ്യമില്ലമ്മേ...
പാവം ഞാനൊരനാഥല്ലേ...

**അനശ്വര.എ**
**5.ബി**

# എന്റെ പ്രകൃതി എത്ര സുന്ദരം

അഭിമന്യു.പി.സി 10 ഇ

പൂമരം പൂത്തുലഞ്ഞെ
പൂവാഗയിൽ പൂത്തുമ്പി പാറിവന്നെ
ഇന്നെന്റെ നെഞ്ചകത്തിൽ തേന്തൂറും
പൂവായി നീ വിരിഞ്ഞേ.
നാളെ ഈ വിരിഞ്ഞ പുഷ്പങ്ങൾ
പൊഴീഞ്ഞീടും,കാലം ഒരിക്കൽ
നിന്നെ തിരിഞ്ഞിറങ്ങും.
അമ്മയായ അവളെ ,അവളുടെ
മനോഹാരിതയെ നശിപ്പിക്കുക
അരുതേ മനുഷ്യാ.
എൻ അമ്മയാക്കുന്ന എൻ ഭൂമിയാകുന്ന
എൻ എല്ലാമാകുന്ന വന ദേവതയേ
നീ എൻ പുൽകിയെങ്കിൽ
അത്രയും മറ്റാരും എന്നെ താലോലിച്ചില്ല.
എങ്കിലും ഞാൻ നിന്നെ നോവിക്കുന്നു.
എത്രയെന്നറിയില്ല എന്തിനെന്നറിയില്ല
നോവിക്കുന്നു, നോവിച്ചുകൊണ്ടേയിരിക്കുന്നു.
കാനനമേ എന ഉയിരേ
വെൺ നിലാവുപോലെ നീ എത്ര മനോഹരം.
ഉയിരിൽ തൊടും നിൻ മനോഹാരിത
എൻ വിധിയിൽ അതു വെറും ചേതിയായി.
നിന്നോളം ഞാൻ ദ്രോഹിച്ചില്ല മറ്റാരേയും,
എന്നാൽ ഈ വിണ്ണിൽ നിന്നോളം സ്നേഹിച്ചില്ല ഞാൻ
നിന്നോളം മോഹിച്ചില്ല ഞാൻ
മറ്റാരെയും മറ്റെന്തിനെയും.
പണമാണ് മനുഷ്യ നിൻ മോഹിതം

# സാക്ഷ്യം

എന്നാൽ അതിലുപരി ഒന്നുണ്ട്
എൻ മണ്ണിൽ മനസ്സിൽ
നിൻ ചേതികൾ ഉയർന്നപ്പോൾ
അതിനു ഫലമായി ഉയർന്നു
പ്രളയം എന്ന മൂന്നക്ഷരം
ഇനിയും നിർത്തുകിൻ നിൻ
ചേതികൾ  ഉയർന്നിടും
ആ മൂന്നക്ഷര ഫലങ്ങൾ.
അത് പ്രതിധ്വനിച്ചീടും
വിണ്ണാകെ  എൻ നെഞ്ചാകെ
ഒരിക്കലെങ്കിലും ഈ ചേതികൾ
ക്കപ്പുറം നിന്നെ അറിഞ്ഞാൽ
ഉള്ളു നിറഞ്ഞാൽ നിൻ
അജ്ഞാത മനോഹാരിത
ഒരുനാൾ സഫലമായേക്കാം



GHSS THIRUVALI



# സാക്ഷ്യം



# നന്ദി....

GHSS THIRUVALI